**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1705** **08-02-2023 - ൽ മറുപടിയ്ക്ക്**

**സർവ്വകലാശാലാ ഗ്രന്ഥാലയങ്ങളെ അന്തർദേശീയ നിലവാരമുള്ള ഗവേഷണ കേന്ദ്രങ്ങളാക്കി മാറ്റാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.കെ.ടി.ജലീൽ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർവ്വകലാശാലാ ഗ്രന്ഥാലയങ്ങളെ അന്തർദേശീയ നിലവാരമുള്ള ഗവേഷണ കേന്ദ്രങ്ങളാക്കി മാറ്റാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അവ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (എ) | ഉണ്ട്.<br><br>കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ സർവ്വകലാശാല ലൈബ്രറികൾ കൂട്ടിയിണക്കി സംസ്ഥാനതലത്തിൽ കേരള അക്കാദമിക് ലൈബ്രറി നെറ്റ് വർക്ക് (Kerala Academic Library Network – KALNET) പ്രവർത്തനം ആരംഭിച്ചു. ഉന്നത വിദ്യാഭ്യാസ മേഖലയിലെ ലൈബ്രറികളുടെ നെറ്റ് വർക്ക് പ്രാവർത്തികമാക്കുന്നതോടെ വിജ്ഞാന വിഭവങ്ങളുടെ വിതരണം കൂടുതൽ ഫലപ്രദവും വേഗത്തിലുമാകും. ഇത് പഠന ഗവേഷണ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഉണർവ് നൽകാൻ സഹായകരമാകും. സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകൾക്കും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഗവേഷണ പ്രവർത്തനത്തിനും മറ്റും അനിവാര്യമായ ഈ-ജേർണൽ വിഭവങ്ങൾ പ്രദാനം ചെയ്യുന്നതിന് സംസ്ഥാനതല ഈ-ജേർണൽ കൺസോർഷ്യം (State Level E-Journal Consortium) പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിവിധ സർവ്വകലാശാലകൾ സർവ്വകലാശാല ഗ്രന്ഥാലയങ്ങളെ അന്തർദേശീയ നിലവാരമുള്ള ഗവേഷണ കേന്ദ്രങ്ങളാക്കി മാറ്റാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർത്തിരിക്കുന്നു.<br><br>**<u>കേരള സർവ്വകലാശാല</u>**<br><br>കേരള സർവകലാശാല ലൈബ്രറിയെ ഗവേഷണ കേന്ദ്രമാക്കാനുള്ള സാധ്യതകൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഒരു വിദഗ്ധസമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>**<u>കാലിക്കറ്റ് സർവ്വകലാശാല</u>** |

അന്താരാഷ്ട്ര നിലവാരമുള്ള ജേർണലുകൾ, ഇ-ജേർണലുകളും, പ്രിന്റ് ജേർണലുകളും അടക്കം 11574 ജേർണലുകൾ ലഭ്യമാണ്. സർവ്വകലാശാലയുടെ സെൻട്രൽ ലൈബ്രറിയും ഡിപ്പാർട്ട്മെന്റ് ലൈബ്രറികളും കമ്പ്യൂട്ടർ നെറ്റ്വർക്ക് വഴി ബന്ധിപ്പിച്ച് ലൈബ്രറി കാറ്റലോഗ് ഓൺ ലൈൻ വഴി ലഭ്യമാക്കിയിട്ടുണ്ട്. അധ്യാപകർക്കും, ഗവേഷക വിദ്യാർത്ഥികൾക്കും ഉപകാരപ്രദമായ വിധത്തിൽ ഡിജിറ്റൽ റിസോഴ്സുകൾ റിമോട്ട് ആക്സസ് സംവിധാനം വഴി ലഭ്യമാക്കിയിട്ടുണ്ട്. ഗവേഷക പ്രബന്ധങ്ങളുടെ Plagiarism പരിശോധിക്കുന്നതിനുള്ള സോഫ്റ്റ് വെയർ ലൈബ്രറിയിൽ ലഭ്യമാക്കിയിട്ടുണ്ട്.

**<u>കണ്ണൂർ സർവ്വകലാശാല</u>**

കണ്ണൂർ സർവ്വകലാശാല സെൻട്രൽ ലൈബ്രറി 2001 വർഷം മുതൽ വിവിധ വിഷയങ്ങളുടെ അംഗീകൃത ഗവേഷണ കേന്ദ്രമാക്കിയിട്ടുണ്ട്. അന്തർദേശീയ പ്രാധാന്യമുള്ള ഒട്ടേറെ e-resources സർവ്വകലാശാല ലൈബ്രറിയിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇവ മുഴുവൻ സമയവും ഒരു mobile/desk top app. വഴി എല്ലാ അംഗങ്ങൾക്കും ലഭ്യമാക്കിയിട്ടുണ്ട്.

**<u>എം.ജി സർവ്വകലാശാല</u>**

ദേശീയ-അന്തർദേശീയ തലത്തിൽ പ്രചാരത്തിലുള്ള ഗവേഷണ പ്രസിദ്ധീകരണങ്ങൾ പ്രിന്റ്, ഇലക്ട്രോണിക് രൂപങ്ങളിൽ ലഭ്യമാക്കിയിട്ടുണ്ട്.

- സർവ്വകലാശാല ലൈബ്രറിയിൽ ലഭ്യമല്ലാത്ത വിവര സ്രോതസ്സുകൾ ഇന്ത്യയിലെ മറ്റു ലൈബ്രറികളിൽ നിന്നും വരുത്തിക്കൊടുക്കാൻ ഇന്റർ ലൈബ്രറി ലോൺ (Inter Library Loan), ഡോക്യുമെന്റ് ഡെലിവറി (Document Delivery) സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.
- അക്കാദമിക സമൂഹത്തിന്റെ ഗവേഷണ പ്രബന്ധങ്ങൾ പ്രസിദ്ധീകരിക്കുന്നതിനായി മികച്ച ഗവേഷണ പ്രസിദ്ധീകരണങ്ങൾ കണ്ടെത്തുന്നതിനായി വെബ് ഓഫ് സയൻസ് (Web of Science), സ്കോപ്പസ് (Scopus)എന്നീ ഇൻഡക്സിങ് സേവനങ്ങൾ ലഭ്യമാണ്.
- ഗവേഷണ പ്രബന്ധങ്ങളുടേയും, ലേഖനങ്ങളുടേയും സാമ്യത പരിശോധന (Similarity Checking) നടത്തുന്നതിനായി

Ouriginal, Ithenticate എന്നീ രണ്ടു സോഫ്റ്റ്‌വെയറുകൾ ഉപയോഗിക്കുന്നുണ്ട്.

- ഗവേഷണ നൈതികത (Research Ethics), സാഹിത്യ ചോരണം (Plagiarism) എങ്ങിനെ ഒഴിവാക്കാം, വിവര സാക്ഷരത (Information Literacy), റഫറൻസ് മാനേജ്മന്റ് എന്നീ വിഷയങ്ങളിൽ ഗവേഷണ, ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് ലൈബ്രറിയിൽ അവബോധവും, പരിശീലനവും നൽകി വരുന്നു.

**<u>NUALS</u>**

ലൈബ്രറി മാനേജ്മെന്റിനായി ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയർ KOHA ഒരു പൂർണ്ണ ഓട്ടോമേറ്റഡ് സിസ്റ്റമാണ് ലൈബ്രറിയിൽ ഉപയോഗിക്കുന്നത്. അക്കാദമിക് ലൈബ്രറിയെന്ന നിലയിൽ പ്രിൻറ്, ഡിജിറ്റൽ വിവര സേവനങ്ങൾ ലഭ്യമാണ്. നിയമ പഠന പുസ്തകങ്ങൾ, ഇന്ത്യൻ ജേർണലുകൾ, അന്താരാഷ്ട്ര ജേർണലുകൾ, ആനുകാലികങ്ങൾ/ മാഗസിനുകൾ എന്നിവയും കൂടാതെ അന്താരാഷ്ട്ര ഓൺലൈൻ ഡാറ്റാബേസ് സേവനങ്ങളും നുവാൽസ് ലൈബ്രറിയിൽ ലഭ്യമാണ്.

**<u>മലയാള സർവകലാശാല</u>**

മലയാളസർവകലാശാലയിൽ 45000-ത്തിലധികം പുസ്തകങ്ങളുണ്ട്. അന്താരാഷ്ട്രനിലവാരത്തിലുള്ള ജേണലുകളും, ആനുകാലികങ്ങൾ, സി.ഡി.യുടെ ശേഖരം, ഗവേഷണപ്രബന്ധങ്ങൾ, ഇ.ബുക്കുകൾ, ഇ-ജേണലുകൾ, പത്രമാസികകൾ എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് വൈഫൈ സൗകര്യവും കമ്പ്യൂട്ടർ സംവിധാനവും ഒരുക്കി നൽകിയിട്ടുണ്ട്.

**<u>കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല</u>**

ഗവേഷകർക്കാവശ്യമായ അന്തർദേശീയ നിലവാരമുള്ള പുസ്തകങ്ങൾ, ഡാറ്റ ബേസുകൾ, ഇ-ജേണൽസ് എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. സർവ്വകലാശാല ലൈബ്രറികൾക്ക് Elsevier Science Direct 11 Subjet Collection Journal, Scoups database, Knimbus Remote Access എന്നിവ കൺസോർഷ്യം വഴി ലഭ്യമാക്കിയിട്ടുണ്ട്. കേരളത്തിലെ എല്ലാ സർവ്വകലാശാല ലൈബ്രറികളുടെയും പുസ്തക ശേഖരം ഒരൊറ്റ കാറ്റ ലോഗിൽ ലഭ്യമാക്കിയിട്ടുണ്ട്.

**<u>ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല</u>**

| | | | |
|---|---|---|---|
| | | | ലൈബ്രറിയിലുള്ള അന്തർദേശീയ നിലവാരം പുലർത്തുന്ന സംവിധാനങ്ങൾ താഴെപ്പറയുന്നു.<br><br>1) Koha Internationally Accepted Open Source Software<br><br>2) KNIMBUS & INFED REMOTE ACCESS<br><br>3) Web OPAC for search of books from every where.<br><br>4) KIBO Multilingual Scanner for Visuality impaired.<br><br>5) Shodh Shuddhi - Plagiarism detection software<br><br>6) ETD (Electronic Thesis and Dissertations)<br><br>7) E Books and E Journals.<br><br>8) Print Books and Journals. |

സെക്ഷൻ ഓഫീസർ